# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 08 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com


**ശബരിമലയിലെ നാളത്തെ ചടങ്ങുകൾ (09.01.2021)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തൽ

5 ന്.... നട തുറക്കൽ

5.05 ന്..... അഭിഷേകം

5.30 ന് ...ഗണപതി ഹോമം

6 മണി മുതൽ 7 മണി വരെ  നെയ്യഭിഷേകം

7.30 ന് ....ഉഷപൂജ

7.45 ന് ...ബ്രഹ്മരക്ഷസ് പൂജ

8 ന് ....ഉദയാസ്തമന പൂജ

9 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം

11.45 ന് ....25 കലശാഭിഷേകം

തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ

4 മണിക്ക് ക്ഷേത്രനട തുറക്കും

6.30 ന്  ദീപാരാധന

6.45 മുതൽ പടിപൂജ

8.30 മണിക്ക് ....അത്താഴപൂജ

8.50 ന്  ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക്  ശ്രീകോവിൽ നട അടയ്ക്കും.

**(പി.ആര്. ശബരി - (172)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>______________<br>JANUARY **08** | **2021** |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**കോവിഡ് മുന്നറിയിപ്പുകള്ക്ക് പ്രധാന്യം നല്കി**

**സന്നിധാനത്തെ അനൗണ്സ്മെന്റ് സെന്റര്**

കോവിഡ് മഹാമാരിയുടെ പ്രതിസന്ധി ഘട്ടത്തില് നടക്കുന്ന മണ്ഡല-മകരവിളക്ക് തീര്ഥാടനമായതിനാല് കോവിഡ് പ്രതിരോധ സന്ദേശങ്ങള്ക്കാണ് ശബരിമല സന്നിധാനത്തെ ദേവസ്വം ബോര്ഡിന്റെ പബ്ലിസിറ്റി സെന്ററില് നിന്നുള്ള അനൗണ്സ്മെന്റില് ഇത്തവണ പ്രാധാന്യം നല്കിയിരിക്കുന്നത്.

കൂട്ടം തെറ്റിയവരെ കണ്ടെത്താനും, കാണാതായ വിലപിടിപ്പുള്ള വസ്തുക്കള് തിരികെ ലഭിക്കാനുമൊക്കെ അയ്യപ്പഭക്തര്ക്ക് സഹായകമായിരുന്ന സന്ദേശങ്ങള്ക്ക് പകരം ഇന്ന് മൈക്കിലൂടെ എത്തുന്നത് മാസ്ക്ക് എങ്ങനെ ധരിക്കണം, സാനിറ്റൈസറിന്റെ ഉപയോഗം, സാമൂഹിക അകലം പാലിച്ചുള്ള അയ്യപ്പ ദര്ശനം എന്നതൊക്കെയാണ്. തിരക്ക് നിയന്ത്രിക്കുന്നതിലും, തീര്ഥാടന സമയത്ത് ഭക്തര്ക്ക് വേണ്ട മാര്ഗനിര്ദേശങ്ങള് നല്കുന്നതിലും പ്രധാന പങ്ക് വഹിച്ചിരുന്ന

അനൗണ്സ്മെന്റ് സംവിധാനത്തെ കോവിഡ് മഹാമാരി മാറ്റി മറിച്ചുവെന്ന് കഴിഞ്ഞ 22 വര്ഷമായി കന്നഡയിലും, തെലുങ്കിലും, തമിഴിലും സന്നിധാനത്ത് അനൗണ്സ്മെന്റ് നടത്തിവരുന്ന ബാംഗ്ലൂര് സ്വദേശിയായ ആര്.എം.ശ്രീനിവാസ് പറഞ്ഞു.

തിരക്ക് നിയന്ത്രിച്ചതിനാല് അനൗണ്സ്മെന്റിന് ആവേശം കുറഞ്ഞെന്ന അഭിപ്രായമാണ് മലയാളത്തിലെ അനൗണ്സറായി കഴിഞ്ഞ 21 വര്ഷമായി സന്നിധാനത്തെത്തുന്ന പത്തനംതിട്ട സ്വദേശി എ.പി. ഗോപാലകൃഷ്ണനുള്ളത്. എന്നിരുന്നാലും കോവിഡ് പ്രതിരോധ സന്ദേശങ്ങള് നല്കുന്നതിലൂടെ നടത്തുന്ന സാമൂഹ്യസേവനം ഏറെ വിലപ്പെട്ടാതായാണ് അദ്ദേഹവും കാണുന്നത്. കരുനാഗപ്പള്ളി സ്വദേശിയായ അഖിലാണ് ഹിന്ദി, ഇംഗ്ലീഷ് ഭാഷകളില് അനൗണ്സ്മെന്റ് നടത്തുന്നത്. കോവിഡ് കാലത്തെ നിയന്ത്രണങ്ങള് കാരണം തീര്ഥാടകരുടെ തിരക്കില്ലെങ്കിലും അനൗണ്സ്മെന്റ് സെന്റര് 24 മണിക്കൂറും പ്രവര്ത്തിക്കുന്നുണ്ട്.

**(പി.ആര്. ശബരി - (173)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | |
|---|---|
| ജനുവരി<br>JANUARY 08 | 2021 |



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### ആന്ധ്രാപ്രദേശ് മന്ത്രി ദർശനം നടത്തി

ആന്ധ്രാപ്രദേശിലെ പഞ്ചായത്ത് രാജ്-ഗ്രാമ വികസന-ഖനന, ഭൂമിശാസ്ത്ര വകുപ്പ് മന്ത്രി രാമചന്ദ്ര റെഡ്ഢി വെള്ളിയാഴ്ച (8) രാവിലെ 11.30 ന് ശബരിമല സന്നിധാനത്തെത്തി ദർശനം നടത്തി. മാളികപ്പുറത്തും മറ്റ് ഉപക്ഷേത്രങ്ങളിലും ദർശനം നടത്തുകയും, മേല്ശാന്തിയെ സന്ദർശിക്കുകയും ചെയ്ത ശേഷമാണ് മന്ത്രി മടങ്ങിയത്.

(പി.ആര്. ശബരി - (174)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.